2. ANNOUNCEMENT BY THE PRESIDENT REGARDING ELECTION OF MEMBERS FOR THE ADVISORY COMMITTEES

Mr. President: I have to announce that the election of two members each for the following committees will be conducted as the last item of business on Wednesday, the 9th December and that nomination papers will be received by the Secretary to the Assembly till 8 p.m. tomorrow.

1. Labour Advisory Committee.
2. Industrial Advisory Committee.
3. Advisory Committee on Medicine and Public Health.

3. VOTING OF DEMANDS FOR GRANTS

(23-Education)

Mr. C. A. Ouseph (*Minister for Education and Public Health*): Sir, I move for a grant of Rs. 50,08,881 under 23, Education.

Mr. P. Govinda Menon (*Minister for Finance and Law*): I second it.

Mr. President: This demand will be put to vote at 6-10 p.m. so that the time allotted to is one hour and 45 minutes since it is an important subject.

CUT MOTION NO. 1

Mr. C. V. Iyyu (*Kunnamkulam*): To reduce the allotment of Rs. 3,36875 for establishment of the Inspectors and the Inspectresses of school in demand N. 23 (1) by Re. 1: *To impress upon the Government the need to fully aid all fully developed unaided Girl's Lower Secondary as well as Upper Secondary Schools with three years standing in the State by the beginning of 1951, 1952 academic year commencing to pay 1/3 of the eligible full grant during this academic year and by enhancing the grant every year in the same proportion till all the present unaided Girls schools mentioned above are fully aided).* ഈ ഉപക്ഷേപംമൂലം ഞാൻ ഗവ ൺമെന്റിന്റെ ദൃഷ്ടിയിൽപെടുത്തുന്നതു് unaided ആയിട്ടു നടത്തുന്ന ബാലികാപാഠശാലകൾക്കു് കൊച്ചിരാജ്യത്തിൽ എല്ലാറ്റിനുംകൂടി മന്നിച്ചു ഒരു കൊല്ലത്തിൽതന്നെ aid കൊടുക്കണമെന്ന ഉദ്ദേശത്തിലല്ല. ഒരു കൊല്ലത്തിൽ കൊടുക്കേണ്ടിവരുന്ന ഗ്രാൻറിൽനിന്നു ഓരോ കൊല്ലവും മുന്നിൽ ഒന്നുവീതമായി കൊടുക്കണമെന്നാണു് ഇതിൽ അഭ്യർത്ഥിച്ചിരിക്കുന്നതു്. അതിനിടക്കു് ഗവൺമെന്റിന്റെ കോശസ്ഥിതി ഭേദപ്പെട്ടുവരുമെന്നുവേണം പ്രതീക്ഷിക്കുവാൻ. അങ്ങിനെ മുന്നുകൊല്ലംകൊണ്ടു് മുഴുവൻ ഗ്രാൻറും എല്ലാ ബാലികാപാഠശാലകൾക്കും കൊടുക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. ഇപ്പോൾതന്നെ മുഴു aid കൊടുക്കുന്നതു്. Girl's സ്കൂളിനാണു് എന്ന സംഗതി ബഹുമാനപ്പെട്ട ഗവൺമെന്റിനു അറിയാവുന്നതാണു്. Girl's സ്കൂളുകൾ നടത്തുന്നതുതന്നെ നഷ്ടത്തിലാണു്. ഗവൺമെന്റു നടത്തുന്ന സ്കൂളുകളിൽ ആൺകുട്ടികളുടെ സ്കൂളുകൾ പറയത്തക്ക നഷ്ടമില്ലാതെയും പെൺകുട്ടികളുടെ സ്കൂളുകൾ എല്ലാംതന്നെ നഷ്ടപ്പെട്ടുമാണു് നടത്തിവരുന്നതു്. ആ നഷ്ടം സ്കൂളിന്റെ ഫണ്ടിൽനിന്നു് ഏതെങ്കിലും വിധത്തിൽ സഹിച്ചു നിലനിർത്തുകയാണു് ചെയ്തുവരുന്നതു്. വിദ്യാഭ്യാസത്തിനുവേണ്ടി ലോകത്തിൽ വളരെ സേവനം ചെയ്യുന്നതായ, അതും പ്രത്യേകിച്ചു് സ്ത്രീവിദ്യാഭ്യാസത്തിനുവേണ്ടി സേവനം ചെയ്യുന്നതായ പല സംഘടനകളും ഈ രാജ്യത്തുണ്ടു്. അതിലെ ചില സംഘടനകളിലെ അംഗങ്ങളുടെ ത്യാഗമനോഭാവംകൊണ്ടാണു് വിദ്യാഭ്യാസം നടന്നു പോകുന്നതു് എന്നു പറയാതെ നിവൃത്തിയില്ല. അവരുടെ സേവനങ്ങൾക്കു ഗവൺമെന്റും പൊതുജനങ്ങളും അവരോടു കടപ്പെട്ടാണിരിക്കുന്നതു്. ഈ സ്ഥിതിയിൽ ഇങ്ങിനെയുള്ള സ്ഥാപനങ്ങളെ നിലനിറുത്തികൊണ്ടുപോകുന്നതിനു് കുറേശ്ശെ കുറേശ്ശെയായിട്ടു സഹായധനം ഗവൺമെന്റിൽനിന്നു കൊടുക്കണമെന്നു ഗവൺമെന്റിനെ ധരിപ്പിക്കുവാൻവേണ്ടിമാത്രമാണു് ഞാൻ ഈ ഉപക്ഷേപംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇതിനെപ്പറ്റി കൂടുതലായി ഒന്നും പറയണമെന്നു തോന്നുന്നില്ല. സഭയുടെ അംഗീകരണത്തിനായി ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: സർ, ബഹുമാനപ്പെട്ട കണ്ടംകുളം മെമ്പർ അവതരിപ്പിച്ച ഈ ഉപക്ഷേപത്തിൽ അടങ്ങിയ കാര്യങ്ങൾ തരക്കേടൊന്നും ഉള്ളതല്ല. നമ്മുടെ രാജ്യത്തുള്ള എല്ലാതരം വിദ്യാലയങ്ങൾക്കും കഴിയുന്ന വേഗത്തിൽ സഹായധനംകൊടുത്തു നിലനിർത്തേണ്ടതാണെന്നുവെച്ചാൽ അതു സാമാന്യം സ്വീകാര്യമായ ഒരു കാര്യമാണു്. പക്ഷെ കൊച്ചിയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമായി കണക്കിലേറെ സ്കൂളുകൾ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടു്. അവക്കെല്ലാം പ്ലേഗ്രൗണ്ടുകൾകൂടി ഉണ്ടാക്കി കഴിഞ്ഞാൽ കൊച്ചിരാജ്യത്തു

LIBRARY ARCHIVES Kerala Legislative Assembly